പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. **8221**

**17.07.2014**ലെ മറുപടിയ്ക്ക്

## ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാജേഷ് | ശ്രീ .. ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിൽ വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ചുമട്ടുതൊഴിൽ മേഖലയിൽ വർദ്ധിച്ചുവരുന്ന അനഭിലഷണീയ പ്രവണതകളും നോക്കുകൂലി അമിത കൂലി എന്നിവ തടയുന്നതിനും ടി മേഖലയിലെ മിന്നൽപ്പണിമുടക്ക് പോലുള്ളവ അവസാനിപ്പിക്കുന്നതിനുമായി ബഹു.ജില്ലാ കളക്ടറുടെയും, ജില്ലാ ലേബർ ഓഫീസറുടെയും നേതൃത്വത്തിൽ 13.05.2013 മുതൽ ജില്ലാ തലത്തിൽ തൊഴിൽ സമാധാന കർമ്മ സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഗാർഹിക മേഖലയിലെ പാചക വാതക വിതരണത്തിൽ വർദ്ധിച്ചുവരുന്ന ചുമട്ടുകൂലി തർക്കങ്ങൾ ചർച്ച ചെയ്ത് ജില്ലാ തലത്തിൽ ചുമട്ടു കൂലി ഏകീകരിച്ചു. എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ കീഴിൽ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തുകയും പ്രോസിക്യൂഷനും, ക്ലെയിം പെറ്റീഷനും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ അന്തർ സംസ്ഥാന തൊഴിലാളികൾ കൂടുതലായി കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങളിൽ തൊഴിൽ നിയമങ്ങളും ആരോഗ്യ സുരക്ഷയും സംബന്ധിച്ച 10 ബോധ വൽക്കരണ സെമിനാറുകളും, 8 മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. ബാലവേല നിരോധന നിയമപ്രകാരം ജില്ലയിൽ ഒട്ടാകെ പരിശോധനയും ബോധവൽക്കരണ സെമിനാറുകളും നടത്തി വരുന്നു. കായംകുളം കോ- ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ ഉണ്ടായ തൊഴിൽ തർക്കവും സമരവും ബഹു.ജില്ലാ കളക്ടറുടെയും, ജില്ലാ ലേബർ ഓഫീസറുടെയും നേതൃത്വത്തിൽ നടത്തിയ ചർച്ചകളിലൂടെ പരിഹരിച്ച് സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുകയും ഇപ്പോൾ പ്രവർത്തനം സുഗമമായി നടന്നുവരുന്നതുമാണ്. കൂടാതെ, തൊഴിൽ വകുപ്പിന്റെ കീഴിൽ നൽകിവരുന്ന വിവിധ ക്ഷേമ പെൻഷനുകളും മരം കയറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും അസംഘടിത തൊഴിലാളികൾക്കുള്ള ധനസഹായ വിതരണവും, ആം ആദ്മി ബീമാ യോജന ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള |

സ്കോളർഷിപ്പും മറ്റാനുകൂല്യങ്ങളും വളരെ മികച്ച രീതിയിൽ നൽകി വരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര എഫ്.സി.ഐ ഗോഡൗണിൽ നിലനിന്നിരുന്ന കയറ്റിറക്ക തൊഴിൽ തർക്കം ബഹു.ജില്ലാ കളക്ടറുടെയും ജില്ലാ ലേബർ ഓഫീസറുടെയും, ജില്ലാ സപ്ലൈ ഓഫീസറുടെയും നേതൃത്വത്തിൽ ചർച്ച ചെയ്ത് പരിഹരിക്കപ്പെട്ടിട്ടുണ്ട്. മാവേലിക്കരയിൽ ബാലവേല വിരുദ്ധ സെമിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്.

(സി) 2014-15 -ൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി) 2014-15 സാമ്പത്തിക വർഷത്തിലേക്കുള്ള പുതിയ പ്രവൃത്തികൾ സംബന്ധിച്ച് തീരുമാനങ്ങളൊന്നും ആയിട്ടില്ല.

സെക്ഷൻ ഓഫീസർ